കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി.2/593/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.
കൽപ്പറ്റ, പിൻ-673121

ഫോൺ: 04936-203672
തീയതി :07.10.2017

.

ഡെപ്യൂട്ടി ഡയറക്ടർ
വയനാട് ജില്ല.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. .

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഭാഗം 3 ലെ 3-7,3-9,3-12,3-14 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

..

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

.

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.2/593/2017 തിയ്യതി:07.10.17

<u>വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.12.2016 മുതൽ 10.09.2017 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടു ത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും

അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017 മുതൽ 21.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ജി.കിഷോർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.സമീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജി. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി.ടി.കെ.ലത, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. അനിഷ സുരേന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വൈസ് പ്രസിഡണ്ട് | ശ്രീമതി. ഷൈമ മുരളീധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ചെയർമാൻ<br>വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.ബാബു ഷജിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ചെയർമാൻ<br>ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ഷബിത .കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ചെയർമാൻ<br>ആരോഗ്യം,വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.എൻ.ജെ.ഷജിത് | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ.ജോയ് ജോൺ | സെക്രട്ടറി | 01.04.2016 മുതൽ 27.09.2016 വരെ |
| ശ്രീ.ഉണ്ണി.കെ | സെക്രട്ടറി (ഇൻ-ചാർജ്ജ്) | 28.09.2016 മുതൽ 03.10.2016 വരെ |
| ശ്രീ.സിബി വർഗ്ഗീസ് | സെക്രട്ടറി | 04.10.2016 മുതൽ 14.11.2016 വരെ |
| ശ്രീ.ഉണ്ണി.കെ | സെക്രട്ടറി (ഇൻ-ചാർജ്ജ്) | 15.11.2016 മുതൽ 17.11.2016 വരെ |
| ശ്രീ.ജോസ് കുമാർ | സെക്രട്ടറി | 18.11.2016 മുതൽ 21.12.2016 വരെ |

| | | |
|---|---|---|
| ശ്രീ.കെ.സി.നാരായണൻ | സെക്രട്ടറി | 22.12.2016 മുതൽ 21.01.2017 വരെ |
| ശ്രീ.ആന്റണി റോഷൻ | സെക്രട്ടറി(ഇൻ-ചാർജ്ജ്) | 22.01.2017 മുതൽ 06.02.2017 വരെ |
| ശ്രീ.വി.ഹംസ | സെക്രട്ടറി | 07.02.2017 മുതൽ 31.03.2017 വരെ |
| ശ്രീ.അജി.കെ.പണിക്കർ | അസിസ്റ്റന്റ്സെക്രട്ടറി | 01.04.2016 മുതൽ 20.08.2016 വരെ |
| ശ്രീ.ഉണ്ണി.കെ | അസി. സെക്രട്ടറി (ഇൻ-ചാർജ്ജ്) | 22.08.2016 മുതൽ 05.01.2017 വരെ |
| ശ്രീ.ആന്റണി റോഷൻ | അസി.സെക്രട്ടറി | 06.01.2017 മുതൽ 31.03.2017 വരെ |
| ശ്രീ.മുഹമ്മദ് ഷഫീഖ് | കൃഷി ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.സുനിൽ.കെ.എസ് | വെറ്ററിനറി സർജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ജയന്തി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.അനീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.ജിബിനി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.പ്രസന്ന കുമാരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.രമേശൻ | ഹെഡ് മാസ്റ്റർ | 01.06.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഷിനോജ് .റ്റി.വി | അസി.എഞ്ചിനീയർ | 01.07.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ഫ്ലോറി | വി.ഇ.ഒ. | 01.04.2016 മുതൽ 31.03.2017വരെ |
| ശ്രീ.ഗണേഷ് കുമാർ | ടി.ഇ.ഒ. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | വാർഷിക കണക്കുകളുടെ പരിശോധന – അപാകങ്ങൾ | 2-1 |
| 11 | വാർഷിക കണക്കും സഞ്ചയസോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ കണക്കും പൊരുത്തപ്പെടുന്നില്ല. | 2-2 |
| 12 | മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക | 2-3 |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 2-4 |
| 14 | ഡി ആന്റ് ഒ ലൈസൻസ് - കാലപരിധിക്കകം ലൈസൻസ് പുതുക്കുന്നില്ല | 2-5 |
| 15 | ഇ ടെണ്ടർ - ഫോറം വില – ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. | 2-6 |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | ഹെൽത്ത് സെന്റർ കമ്പ്യൂട്ടർ വാങ്ങൽ - സപ്ലൈ ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല | 3-1 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-2 |
| 18 | ക്ലബ്ബുകൾക്കും വായനശാലകൾക്കും ടി.വി.ഫർണിച്ചർ, സ്പോർട്സ് കിറ്റ്, പുസ്തകം - ഗ്രാമ സഭ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയില്ല | 3-3 |
| 19 | എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-4 |
| 20 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട ബാഗ് - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-5 |
| 21 | ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല | 3-6 |
| 22 | കുടുംബശ്രീ യുവതികൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ട്രെയിനിംഗ് പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കി. | 3-7 |
| 23 | മുൻകൂർ പിൻവലിച്ച തുക തിരിച്ചടച്ചിട്ടില്ല | 3-8 |
| 25 | ടാർ വാങ്ങാൻ തുക പിൻവലിച്ചിട്ടും നാളിതുവരെയായും ടാർ വാങ്ങിയിട്ടില്ല | 3-9 |
| 26 | സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം കെ.എസ്.ഇ.ബി ക്ക് നൽകൽ. | 3-10 |
| 27 | അതിർത്തിമുക്കിൽ ജംഗഷൻ പുല്ലാര റോഡ് കോൺക്രീറ്റ് -ടെണ്ടർ കുറവ് ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടില്ല | 3-11 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – സാധന സാമഗ്രികൾ വാങ്ങിയ കോൺട്രാക്ടർമാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല - 488767/-രൂപ നഷ്ടം | 3-12 |
| 29 | മുഴുവൻ വാർഡുകളിലും ടെണ്ടർ ഫോറം വിതരണം ചെയ്തതിന്റെ വില ഈടാക്കിയിട്ടില്ല - വരവ് നഷ്ടം 12600/- രൂപ | 3-13 |
| 30 | റോഡിന് നീർച്ചാൽ നിർമ്മാണം - കിളച്ചെടുത്ത മണ്ണ് എവിടെ നിക്ഷേപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല | 3-14 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | അനുബന്ധം – സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബഡ്ജറ്റ് പഞ്ചായത്ത് തീരുമാനം നമ്പർ 1/2017 തീയതി 27.03.2017പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 30.06.2017 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43250421 |
| വരവ് | 98439004 |
| ആകെ | 141689425 |
| ചെലവ് | 92851319 |
| നീക്കിയിരിപ്പ് | 48838106 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പ്ലാൻ ജനറൽ | - | 24190053 | 24190053 | 18678832 | 5511221 |
| പ്ലാൻ എസ്.സി.പി | - | 3073299 | 3073299 | 856543 | 2216756 |
| പ്ലാൻ ടി.എസ്.പി | - | 18050007 | 18050007 | 13458060 | 4591947 |
| എം.ജി. നോൺ റോഡ് | - | 5741589 | 5741589 | 4835324 | 906265 |

| | | | | | |
|---|---|---|---|---|---|
| എം.ജി. റോഡ് | - | 13485135 | 13485135 | 4071940 | 9413195 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 13565720 | 13565720 | 4896790 | 8668930 |
| ലോക ബാങ്ക് ധനസഹായം | - | 0 | 2834400 | 2649750 | 184650 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്ത (എണ്ണം) | പൂർത്തകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 355 | 128295219 | 190 | 54666211 | 40 | 165 | 53.52 |

## 1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1897800/- രൂപയുടെ (10.7%) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1656178 | 1636355 | (-)19823 | |
| നികുതിയേതര വരവുകൾ | 3985601 | 794342 | (-)3191259 | |
| മറ്റ് വരവുകൾ | 12088206 | 13401488 | (+)1313282 | |
| ആകെ | 17729985 | 15832185 | (-)1897800 | (-)10.70 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് 3.40 pm ന്/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59,793/-രൂപ (അമ്പത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1450 | 4319350 |
| വിധവ പെൻഷൻ | 5736 | 18845240 |

| | | |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 9198 | 26371150 |
| വികലാംഗ പെൻഷൻ | 1220 | 3215985 |
| അവിവാഹിത പെൻഷൻ | 56 | 137480 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2017 | 31/08/2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2009 | 2004-05 | 09.03.2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2016-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റ് ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യയുമായി ബന്ധപ്പെടുത്താത്തതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.
2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പിരിച്ചെടുക്കുന്ന വാറ്റ് ,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വസ്തു നികുതി തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമല്ല.
5. തൊഴിൽ നികുതി, ഡി& ഒ ലൈസൻസ് ഫീസ് എന്നിവയുടെ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തിയതും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
6. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇ-ടെണ്ടർ നടത്തിയതിൽ ലഭിച്ച തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല.
7. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ്, വാർഷിക കണക്ക് ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ട് I-6 MNREGA ക്യാഷ് ബുക്ക് മറ്റ് രേഖകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
9. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
10. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ

ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

11. പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയമാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
12. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
13. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C, വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
14. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.തനത് ഫണ്ട് അക്കൗണ്ടിൽ ആയത് മാത്രം നിക്ഷേപിക്കേണ്ടതാണ്.
15. ICDS, എം.എൽ.എ ഫണ്ട്, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പ്രത്യേകാവശ്യങ്ങൾക്ക് അനുവദിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചിലവഴിക്കുകയും ചെയ്യുന്നു. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.
16. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരിൽ നിന്നും അലോട്ട്മെന്റ് നൽകിയതിന്റെ തൊട്ടടുത്ത മാസം 5ാം തീയതിക്ക് മുമ്പായി ചെലവ് വിവരം /വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നില്ല.
17. വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.
18. 2015 -16 വർഷത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.
19. വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിവരം ഒത്തുനോക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
20. ഒരേ സമയം രണ്ട് അക്കൗണ്ടുകൾ തനത് ഫണ്ട് അക്കൗണ്ട് ആയി ഉപയോഗിക്കുന്നു. അക്കൗണ്ട് നം 40478101002643 കേരള ഗ്രാമീൺ ബാങ്ക് തവിഞ്ഞാൽ ശാഖ, അക്കൗണ്ട് നം 001002000946 തവിഞ്ഞാൽ സർവ്വീസ് സഹകരണബാങ്ക് തലപ്പുഴ എന്നിവ.
21. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഉണ്ടായിട്ടും പ്രസ്തുത അക്കൗണ്ടുകളോ ആയതിലുള്ള നീക്കിയിരിപ്പ് തുകകളോ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
22. ഇ.എം.എസ് ഭവന വായ്പ പലിശ സംബന്ധിച്ച വിശദമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 തീയതി 19/09/17 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിച്ച് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മറുപടി താമസം വിനാ അറിയിക്കേണ്ടതാണ്.

## 2-2 വാർഷിക കണക്കും സഞ്ചയസോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ കണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയിനത്തിൽ 2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ ഡിമാന്റ് തുക 28,64,065/- രൂപയും കുടിശ്ശിക ഉൾപ്പെടെ വരവ് 18,74,789/-രൂപയും കുടിശ്ശിക ഗ്രന്ഥശാലാവരി ഉൾപ്പെടെ നീക്കിയിരിപ്പ് 23,72,114/- രൂപ (തൻവർഷത്തെ റെസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശിക - 4,10,449/-രൂപയും + മുൻ വർഷത്തെ കുടിശ്ശിക – 7,84,690/-രൂപയും + നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശിക 11,76,975/-)യുമാണ്.

എന്നാൽ സഞ്ചയസ്സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ കളക്ഷൻ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം ഡിമാന്റ് തുക 63,06,347/- രൂപയും കുടിശ്ശിക ഉൾപ്പെടെ വരവ് 21,61,068/-രൂപയുമാണ്. നീക്കിയിരിപ്പ് മുൻവർഷ കുടിശ്ശികയടക്കം 41,45,279/-രൂപയാണ് (മുൻവർഷ കുടിശ്ശിക - 2512264 + തൻവർഷത്തെ കുടിശ്ശിക 16,33,015).

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിവരവും വസ്തുനികുതി പരിഷ്കരണത്തിന് മുൻപുള്ള കുടിശ്ശികയുണ്ടെങ്കിൽ ആയതിന്റെ വിവരവും കൂടാതെ യഥാർത്ഥ കുടിശ്ശിക വിവരം വാർഷിക കണക്ക് പ്രകാരം ഉള്ളതാണോ, സഞ്ചയ സ്സോഫ്റ്റ്വെയറിൽ നിന്ന് ലഭ്യമായ കളക്ഷൻ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം ഉള്ളതാണോ

എന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

2016-17 ൽ നീക്കിയിരിപ്പുള്ള മുൻവർഷ കുടിശ്ശികയിൽ ഓരോ വർഷത്തെയും നീക്കിയിരിപ്പ് തുക എത്രയെന്ന് വ്യക്തമല്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാവാത്തതിനാൽ കാലഹരണപ്പെട്ട തുക എത്രയെന്ന് കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കേണ്ടതാണ്.

സഞ്ചയ സ്സോഫ്റ്റ്വെയറിൽ 2013-14 മുതലുള്ള വസ്തുനികുതി കണക്കുകൾ ലഭ്യമാണെങ്കിലും 2013-14 ന് മുൻപുള്ള കുടിശ്ശികയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി (നമ്പർ 14/16-17/19.09.2017) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ കുടിശ്ശികയുടെ വിവരം തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുത്ത് പുരോഗതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ളതിന്റെ ലഭ്യമായ വിശദാംശങ്ങൾ (സഞ്ചയസ്സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ കുടിശ്ശിക ഡിമാന്റ് നോട്ടീസ് പ്രകാരം) താഴെ ചേർക്കുന്നു. 2016-17 വരെയുള്ള വിവരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ അസ്സസ്മെന്റ് നമ്പർ | ഉടമസ്ഥൻ/കമ്പനി | ചുമത്തിയ നികുതി (ഗ്രന്ഥശാലാവരി ഉൾപ്പെടെ) | ഈടാക്കാനുള്ള കുടിശ്ശിക വിവരം (സഞ്ചയ ഡിമാന്റ് പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/509 | എം.കെ നാരായണൻ<br>36/2624 ഫസ്റ്റ് ഫ്ളോർ<br>ചെരമംഗലത്ത് | 5148 | 5148 | 2016-17 ലെ കുടിശ്ശിക |
| 2 | 4/419 | ഡബ്ല്യൂ.ടി.ടി ഇൻഫോ സർവ്വീസ്സസ് ലിമിറ്റഡ് (ജെ.ആന്റ് കോ ചേമ്പേഴ്സ് -ഇ2 ആന്റ് ഇ3,50/953 | 9360 | 37440 | 2013-14 മുതൽ 2016-17 വരെയുള്ള കുടിശ്ശിക |
| 3 | 5/478 | എം.കെ നാരായണൻ<br>എസ്സാർ ടെലികോം പ്രൈവറ്റ് ലിമറ്റഡ്) | 11981 | 11981 | 2016-17 ലെ കുടിശ്ശിക |
| 4 | 13/466 | തയ്യിൽ ദേവകി തയ്യിൽ ഇൻഡ്യ ടെലികോം ഇൻഫ്ര ലിമിറ്റഡ് | 12870 | 51480 | 2013-14 മുതൽ 2016-17 വരെയുള്ള കുടിശ്ശിക |
| 5 | 15/292 | സുനിൽ മേനോൻ ഇൻഡ്യ ടെലികോം ഇൻഫ്ര ലിമിറ്റഡ് | 9653 | 38612 | 2013-14 മുതൽ 2016-17 വരെയുള്ള കുടിശ്ശിക |
| 6 | 17/327 | എം.കെ നാരായണൻ<br>എസ്സാർ ടെലികോം ഇൻഫ്രാസ്ട്രച്ചർ | 9158 | 18316 | 2015-16 മുതൽ 2016-17 വരെയുള്ള കുടിശ്ശിക |
| 7 | 19/570 | എ. നാരായണൻ എസ്സാർ ടെലികോം ലിമറ്റഡ് 36/2494 I St ഫളോർ | 5850 | 18103 | 2013-14 മുതൽ 2016-17 വരെയുള്ള കുടിശ്ശിക<br>(2014-15 ലെ<br>ഗ്രന്ഥശാലാവരിയും സേവന ഉപനികുതിയും മാത്രം) |
| ആകെ | | | | 181080/- | |

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ബി.എസ്.എൻ.എൽ. ടവ്വർ പ്രവർത്തിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ.ഉ.(സാധാ) നം.2640/2012/തസ്വഭവ തിയ്യതി 19/09/2012 പ്രകാരം ബി.എസ്.എൻ.എൽ. ടവ്വറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ കാലയളവിൽ പ്രവർത്തിച്ചിരുന്ന ബി.എസ്.എൻ.എൽ ടവ്വറുകളിൽ നിന്നും, നിലവിൽ പ്രവർത്തിക്കുന്ന ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും ഈടാക്കേണ്ട വസ്തുനികുതിയുടെ വിശദാംശങ്ങൾ (തറ

വിസ്തീർണ്ണം, പ്രവർത്തനം തുടങ്ങിയ തിയ്യതി മുതലായവ),മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശികയുടെ വിവരം, പിരിച്ചെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബി.എസ്.എൻ.എൽ ടവറുകളുടെ കുടിശ്ശികയും 2013-14 മുൻപുള്ള കുടിശ്ശികയും ലഭ്യമാവാനുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി (നം. 14/16-17/19.09.2017) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ കുടിശ്ശികയുടെ വിവരം തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുത്ത് പുരോഗതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണിയിച്ചതിലെ അപാകതകൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നാകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരേ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് അല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഗ്രാമപഞ്ചായത്തിൽ നികുതി നിർണ്ണയിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 26/08/2011തിയ്യതിലെ 62/2011 നമ്പർ തീരുമാന പ്രകാരം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയാണ്. എന്നാൽ ചട്ടം 4(1) ന് വിരുദ്ധമായി ഒരേ ഉപയോഗത്തിനുള്ള ഒരു കെട്ടിടത്തെ പല മുറികളായി തിരിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അടിസ്ഥാന നിരക്ക് 30/-രൂപയായി നികുതി നിർണ്ണയിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്, മേൽ പ്രതിപാദിച്ച ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

A) തറവിസ്തീർണ്ണത്തിന് പകരം കാർപ്പറ്റ് ഏരിയ കണക്കാക്കി നികുതി നിർണ്ണയിച്ചതിനാൽ 248/- രൂപ നഷ്ടം

ഈ കെട്ടിടത്തിന് നിർണ്ണയിച്ച് ഈടാക്കിയ വസ്തുനികുതി ഇപ്രകാരമാണ്.

കെട്ടിട ഉടമസ്ഥന്റെ പേര് - സിദ്ധീഖ് ,കേളോത്ത്,പേര്യ ,പേര്യ പി.ഒ ,670644

കംപ്ലീഷൻ പ്ലാൻ പ്രകാരം നിർണ്ണയിച്ച് ഈടാക്കിയ വസ്തുനികുതി

കെട്ടിടനം - 244/A

തറ വിസ്തീർണ്ണം(m2)-183.70M2

ഉപയോഗക്രമം - പാർപ്പിടാവശ്യം -5 രൂപ നിരക്കിൽ

താഴത്തെ നില -104.82 + ഒന്നാംമത്തെ നില -66.84 +പോർച്ച് -12.04 = 183.70$M^2$

കാർപ്പറ്റ് ഏരിയ -70.94+58.04=128.98

നികുതി നിർണ്ണയം =128.98X5= 644.9

ഗ്രന്ഥശാലാവരി 5% = 33

സേവനനികുതി@12% = 78

756 ( 644.9 + 33 + 78 = 755.9 )

നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്

പോർച്ച് ഉൾപ്പെടാതെയുള്ള തറവിസ്തീർണ്ണം = 171.67$M^2$

171.67$M^2$X5= 858.35

ഗ്രന്ഥശാലാവരി 5% = 42.91

സേവനനികുതി @12% = 103

1004 (858.35 + 42.91+ 103 = 1004.26 )

വ്യത്യാസം =1004 – 756 =248

B.ചട്ടം 4(1) ന് വിരുദ്ധമായി നികുതി നിർണ്ണയിച്ചതുമൂലം നഷ്ടം - 3526/- രൂപ.

1)സ്ഥാപനം - സെക്രട്ടറി

ക്ഷീരോല്പാദക സഹകരണ സംഘം,കാട്ടിമൂല,പോരൂർ ,വയനാട് പി.ഒ.670644

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ 151A1A12 നമ്പർ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് 142.68$M^2$ തറവിസ്തീർണ്ണത്തിൽ പാൽ ശീതികരണ യൂണിറ്റ് തുടങ്ങുന്നതിനായാണ് 24/12/2014ലെ എ4-8793/14 നമ്പർ പെർമിറ്റ് എടുത്തിട്ടുള്ളത്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 150.69$M^2$ തറവിസ്തീർണ്ണത്തിൽ പാൽ ശീതികരണ കടമുറി യൂണിറ്റ് പൂർത്തികരിച്ചിട്ടുണ്ടെന്ന് സെക്ഷൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയസോഫ്റ്റ് വെയറിൽ ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) 30/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കംപ്ലീഷൻ പ്ലാൻ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി

കെട്ടിട നമ്പർ – 404/A

ആകെ തറ വിസ്തീർണ്ണം($m^2$) – 150.69 $M^2$

ഉപയോഗക്രമം - വാണിജ്യ ആവശ്യത്തിനുള്ളവ -30/-രൂപ നിരക്കിൽ

നികുതി നിർണ്ണയം = = 4520.7

ഗ്രന്ഥശാലാവരി 5% = 227

സേവനനികുതി@12% = 543

5291 (4520.7+ 227 + 543 = 5290.7)

നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്

നികുതി നിർണ്ണയം =150.69 $M^2$ X 50 = 7535

ഗ്രന്ഥശാലാവരി 5% = 378

സേവനനികുതി @12% = 904

8817 (7535 + 378 + 904 = 8817)

വ്യത്യാസം =8817-5291 = 3526

2) വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് അല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

കെട്ടിടനമ്പർ -21/A-21/J

ഉടമസ്ഥന്റെ പേര്- നിധീഷ് പൗലോസ്,തേങ്ങാപ്പാറയിൽ,കാപ്പാട്ടുമല,

കാപ്പാട്ടുമല പി.ഒ, 670644

| ക്രമ നമ്പർ | മുറി നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി (ഗ്രന്ഥശാലാവരിയും സേവനനികുതിയും ഉൾപ്പെടെ) |
|---|---|---|---|
| 1 | 21/A | 21.86 | 731 |
| 2 | 21/B | 24.11 | 806 |
| 3 | 21/C | 24.11 | 806 |
| 4 | 21/D | 24.11 | 806 |
| 5 | 21/E | 20.17 | 675 |
| 6 | 21/F | 80.69 | 2834 |
| 7 | 21/G | 17.73 | 623 |
| 8 | 21/H | 17.73 | 623 |
| 9 | 21/I | 13.79 | 485 |
| 10 | 21/J (പാർപ്പിട ആവശ്യം) | 63.04 | 370 |
| | | 307.34$M^2$ | 8759/- |

നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്

വാണിജ്യ ആവശ്യം

നികുതി നിർണ്ണയം = 244.38 $M^2$X 50 = 12219/-

ഗ്രന്ഥശാലാവരി 5% = 611

സേവനനികുതി @12% = 1466

14269/- (12219 + 611 + 1466 )

പാർപ്പിട ആവശ്യത്തിനുള്ളവ -

നികുതി നിർണ്ണയം = 63.04 $M^2$X 5 = 315

ഗ്രന്ഥശാലാവരി 5% =16

സേവനനികുതിയും @12% =38

369 (315 + 16 + 38 = 369 )

ആകെ = 14269+369=14638

വ്യത്യാസം=14,638 – 8,759 = 5879

മോണിംഗ് മിസ്റ്റ്- സർവ്വീസ് വില്ല -ലോഡ്ജായി കണക്കാക്കി നികുതി നിർണ്ണയിച്ച

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 26/08/2011 തിയ്യതിലെ 62/2011 നമ്പർ തീരുമാന പ്രകാരം സർവ്വീസ് വില്ല ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. എന്നാൽ ശ്രീ. നയിം സിയന്റവിട (വീട്) താണ പി.ഒ.കണ്ണൂർ എന്ന വ്യക്തി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ 61/2A1A സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 21.09 ച.മീറ്ററിൽ സർവ്വീസ് വില്ലയും, 83.37 ച.മീറ്ററിൽ റിസപ്ഷൻ കം കിച്ചൻ ബ്ലോക്കും പണിതതിനു ശേഷം റെഗുലറൈസേഷനായി പ്ലാൻ സമർപ്പിക്കുകയും, ടിയാളുടെ അപേക്ഷ പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്ത് സർവ്വീസ് വില്ല ലോഡ്ജ് എന്ന് കണക്കാക്കി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

06/04/2016 തീയ്യതിലെ B1/2881/2016 ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയിലും, 286/2015-16 ലൈസൻസിലും, തലപ്പുഴ പോലിസ് സബ്ബ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റിലും, മോണിംഗ് മിസ്റ്റ് എന്ന സ്ഥാപനം ഹോംസ്റ്റേ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയിച്ചിരിക്കുന്നത് ലോഡ്ജായി കണക്കാക്കിയാണ്. എന്നാൽ സർവ്വീസ് വില്ല ലോഡ്ജ് എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

നികുതി നിർണ്ണയിച്ച് ഈടാക്കിയത്

കംപ്ലീഷൻ പ്ലാൻ പ്രകാരം നിർണ്ണയിച്ച നികുതി

കെട്ടിട നംപർ - 177/H

തറ വിസ്തീർണ്ണം ($m^2$) – 21.09$M^2$

ഉപയോഗക്രമം - ലോഡ്ജ് -20/- രൂപ നിരക്കിൽ

നികുതി നിർണ്ണയം =21.09X20 = 422

ഗ്രന്ഥശാലാവരി 5% = 22

സേവനനികുതി@12% = 51

495

സർവ്വീസ് വില്ല – ഹോം സ്റ്റേ എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചാൽ

നികുതി നിരക്ക് - 40/-രൂപ നിരക്കിൽ

നികുതി നിർണ്ണയം = 21.09X40 = 844

ഗ്രന്ഥശാലാവരി 5% = 42

സേവനനികുതി@12% = 101

987

വ്യത്യാസം = 987-495 = 492/-

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി നികുതി നിർണ്ണയിച്ചതുമൂലം ആകെ 10145/-രൂപ (248+3526+5879+492) നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി (നമ്പർ 14/16-17/19.09.2017) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാണിജ്യകെട്ടിടത്തിന്റെയും ഹോംസ്റ്റേ, റിസോർട്ട്, എന്നിവയുടെ നികുതി പുനപരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതും കുറവായി ഈടാക്കിയ വസ്തുനികുതി ബന്ധപ്പെട്ടവരിൽ നിന്ന് നിയമപരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം സംഭവിച്ച 10,145/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് - കാലപരിധിക്കകം ലൈസൻസ് പുതുക്കുന്നില്ല

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച 444 കച്ചവട സ്ഥാപനങ്ങളാണ് ഉള്ളത്. ഈ സ്ഥാപനങ്ങളിൽ 57സ്ഥാപനങ്ങളാണ് ഫെബ്രുവരി 28 ന് മുൻപ് ലൈസൻസിന് വേണ്ടി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. 387 സ്ഥാപനങ്ങളുടെ അപേക്ഷകളും മാർച്ച് മാസത്തിനു ശേഷമാണ് ലഭിച്ചിട്ടുള്ളത്.

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപായും പുതുതായി തുറക്കേണ്ട സ്ഥാപനങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപായും സമർപ്പിക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻ മേൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്താവുന്നതാണ്. പഞ്ചായത്ത് രാജ് ചട്ടം 1996, എസ്.ആർ.ഒ. 76/96 ൽ ചട്ടം (10), (19) കാണുക. ചട്ടലംഘനത്തിന് പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരം ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അമ്പതു രൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്. ലൈസൻസ് കാലാവധിക്ക് മുൻപ് അപേക്ഷകൾ സ്വീകരിച്ച് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കാലപരിധിക്ക് ശേഷം സമർപ്പിച്ച അപേക്ഷകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം./ അപേക്ഷാ തീയതി | ലൈസൻസിയുടെ പേര് | കച്ചവടസ്ഥാപനം | ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 350/22/10/2016 | ശരത് എം.എസ് | ആയുർവേദ ഔഷധശാല | 200 |
| 2 | 332/29/2016 | അബ്ദുൾ ലത്തീഫ് പുതിയിടത്ത്<br>കണ്ണോത്ത്മൂല | ബിൽഡിംഗ് കൺസ്ട്രക്ഷൻ ഓഫീസ് | 200 |
| 3 | 401/08/12/2016 | മാത്യു.എൻ.ജെ<br>നെടുമല വീട്<br>കാമ്പട്ടി പി.ഒ 670645 | പലവ്യഞ്ജനം | 200 |

2.മിക്ക അപേക്ഷകളിലും സാനിട്ടറി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/16-17)മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് കാലാവധിക്ക് മുൻപ് അപേക്ഷകൾ സ്വീകരിച്ച് നിയമാനുസൃതം ലൈസൻസ് പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് ഇടയായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 2-6 ഇ ടെണ്ടർ - ഫോറം വില – ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ 2014-15 മുതൽ 2016-17 വർഷം വരെ നിരവധി പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില /ഫീ ഇനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ഓഡിറ്റിനായി സമർപ്പിച്ച രേഖകൾ പ്രകാരം 1,02,385/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ ഇ-ടെണ്ടർ വർക്കുകളുടെ ഫോറം വിലയിനത്തിൽ വരവായി ലഭിച്ചത് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. നിലവിൽ 1,02,385/- രൂപ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഉള്ളത് ഗ്രാമപഞ്ചായത്തിൽ അടവാക്കി ആയതിന്റെ പുരോഗതിവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹെൽത്ത് സെന്റർ കമ്പ്യൂട്ടർ വാങ്ങൽ - സപ്ലൈ ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല

I

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 228/17 |
| പ്രോജക്ടിന്റെ പേര് | ഹെൽത്ത് സെന്ററുകൾക്ക് കമ്പ്യൂട്ടർ |
| അടങ്കൽ | 1,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | CB No.10/2016-17 തീയതി 15/3/17 തുക 97200 |

II

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 299/17 |
| പ്രോജക്ടിന്റെ പേര് | വാളാട് പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 48900 |
| ബിൽ നം | CB No.3/2016-17 തീയതി 15/12/16 തുക 48900 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി തവിഞ്ഞാൽ പഞ്ചായത്തിലെ 3 സബ് സെന്ററുകളിലേക്കും വാളാട് പി.എച്ച്.സി.യിലേക്കും ഓരോ കമ്പ്യൂട്ടറുകളും വാളാട് പി.എച്ച്.സിയിലേക്ക് പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് മേൽ പദ്ധതികൾ തയ്യാറാക്കി തുക ചെലവഴിച്ചത്. ക്വട്ടേഷൻ മുഖേനെയാണ് വാങ്ങലുകൾ നടത്തിയത്. പ്രോജക്ടിന്റെ നമ്പർ - 228/17 പ്രകാരം ലഭ്യമാക്കേണ്ട കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ ക്വട്ടേഷനിൽ ഉൾപ്പെടുത്തിയിരി ക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

1 ഇൻറൽ ഡ്യുവൽ കോർ 4 തലമുറ ബ്രാന്റഡ് കമ്പ്യൂട്ടർ

2 4ജി.ബി. ഡിഡിആർ 3 റാം

3 500 ജി.ബി. ഹാർഡ് ഡിസ്ക്

4 ഡി.വി.ഡി. റൈറ്റർ

5 19" എൽ.ഇ.ഡി. മോണിറ്റർ

3 വർഷം ഫുൾ കവർ വാറണ്ടി

620 VA UPS

ആവശ്യമായ സാധനങ്ങളുടെ സപ്ലൈ ഓർഡറിലും മേൽ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലഭിച്ച സാധനങ്ങൾ താഴെപ്പറയുന്ന സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടവയാണ്.

1 പ്രോസസർ സംബന്ധിച്ച വിവരം ലഭ്യമല്ല

2 2ജി.ബി. ഡിഡിആർ 3 റാം

3 1ടി.ബി. ഹാർഡ് ഡിസ്ക്

4 ഡി.വി.ഡി. റൈറ്റർ

5 18.5” എൽ.ഇ.ഡി. മോണിറ്റർ

വാറണ്ടി സംബന്ധിച്ച വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ 299/17 പ്രകാരം ആവശ്യപ്പെട്ടത് തന്നെ ലഭ്യമാക്കുകയുണ്ടായി. ആയത് പ്രോജക്ട് നമ്പർ 228/17 പ്രകാരമുള്ളതിനേക്കാൾ താഴ്ന്ന നിലവാരത്തിലുള്ളതാണ് ആവശ്യപ്പെട്ടത്. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

ഒരേ ആവശ്യത്തിനായി രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

കമ്പ്യൂട്ടറുകൾ, സോഫ്റ്റ് വെയറുകൾ തുടങ്ങിയവയുടെ സർക്കാർ നിർദ്ദേശ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8തീയതി 19/09/2017ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 322/17 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | വികസന ഫണ്ട് - 800000/- രൂപ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 100000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ചെലവ് | ആകെ 734436/- രൂപ |
| ബിൽ നം. | CB No.1/16-17 തീയതി 16/11/16, തുക – 212285/- |
| | CB No.2 / 16-17 തീയതി 25/11/16, തുക - 117716/- |
| | CB No.5/16-17 തീയതി 24/12/16, തുക – 31860/- |
| | CB No.7/2016-17 തീയതി 16/2/17, തുക - 41295 /- |
| | CB No.6/2016-17 തീയതി 31/1/17, തുക – 31730/- |
| | CB No.14/2016-17 തീയതി 30/3/17, തുക - 46451/- |
| | CB No.12/2016-17 തീയതി 15/3/17, തുക - 30899/- |
| | CB No.13/2016-17 തീയതി 243/17,തുക – 222200/- |

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബിൽ നം. CB No.13/2016-17 തീയതി 24/3/17, തുക – 22,220/- രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ഒടുക്കിയിട്ടുണ്ട്. നാളിതുവരെ 1,10,324/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,11,876/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12തീയതി 19/9/17)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,11,876/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ക്ലബ്ബുകൾക്കും വായനശാലകൾക്കും ടി.വി.ഫർണിച്ചർ, സ്പോർട്സ് കിറ്റ്, പുസ്തകം - ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 304/17 |
| പ്രോജക്ടിന്റെ പേര് | ക്ലബ്ബുകൾക്കും വായനശാലകൾക്കും ടി.വി.ഫർണിച്ചർ,സ്പോർട്സ് കിറ്റ്,പുസ്തകം |
| അടങ്കൽ | 200000/- രൂപ (വികസന ഫണ്ട്) |
| | 200000/- രൂപ (തനത്ഫണ്ട്) |
| ബിൽ നം. | CB No.18/2016-17/31/3/17, തുക – 200000/- |
| ചെക്ക് നം. | 2224103/31/03/2017, തുക – 200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും ടി.വി, ഫർണിച്ചർ, സ്പോർട്സ് കിറ്റ്, പുസ്തകം എന്നിവ വിതരണം നടത്തുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. മേൽ ബിൽ, ചെക്ക് എന്നിവ പ്രകാരം പിൻവലിച്ച തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1 ഭരണ സമിതി, ഗ്രാമസഭ എന്നിവ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

2 സാധനങ്ങൾ കൈപ്പറ്റിയ ക്ലബ്ബുകളുടെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം സംബന്ധിച്ച് വ്യക്തതയില്ല.

3 ക്ലബ്ബുകൾ ഗ്രമപഞ്ചായത്തിന് കീഴിലുള്ളവയാണെന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

4 ക്ലബ്ബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

5 പ്രൊക്വർമെന്റ് കമ്മിറ്റി ചേർന്ന് തീരുമാനം എടുത്തിട്ടില്ല

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 9 തീയതി 19/9/17)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

I പ്രോജക്ടിന്റെ നമ്പർ - 390/17

പ്രോജക്ടിന്റെ പേര്- എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ – വികസന ഫണ്ട് - റ്റി.എസ്.പി.- 700000/- രൂപ

ബിൽ നം. CB No.11/2016-17 തീയതി 22/3/17, തുക – 698908/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

ഗ്രാമ പഞ്ചായത്തിലെ 175 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കസേര, മേശ എന്നിവ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.

പ്രോജക്ടിന്റെ നമ്പർ - 236 /17

പ്രോജക്ടിന്റെ പേര്- എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

അടങ്കൽ -വികസന ഫണ്ട് - റ്റി.എസ്.പി.- 3,00,000/- രൂപ

ബിൽ നം. CB No.10/2016-17 തീയതി 22/3/17, തുക – 2,99,532/- രൂപ

ഗ്രാമ പഞ്ചായത്തിലെ 75പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കസേര, മേശ എന്നിവ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.

ഒരേ ആവശ്യത്തിനായി മേൽ പ്രകാരം രണ്ട് പദ്ധതികൾ നടപ്പിലാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സിഡ്കോയിൽ നിന്നും മേശ വാങ്ങി വിതരണം നടത്തുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ

പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പ്രൊക്വർമെന്റ് കമ്മിറ്റി ചേർന്ന് തീരുമാനം എടുക്കാതെയാണ് മേശ വാങ്ങിയത്. മേശ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

2. വാങ്ങിയ മേശകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകളില്ല.

3. ഓരോ സ്കൂളുകളിലേയും പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

4.ഒരേ ആവശ്യത്തിനായി രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കി.

5. മാർച്ച് അവസാനം ആണ് പദ്ധതി നടപ്പിലാക്കിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10 തീയതി 19/9/2017) ക്ക് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 9,98,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട ബാഗ് - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 158/17 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ് |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് - റ്റി.എസ്.പി. |
| ബിൽ നം. | CB No.17/2016-17/30/3/17 തുക- 2,99,798/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ് എന്നിവ വിതരണം നടത്തുകയാണ് പദ്ധതി ലക്ഷ്യം. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1 ആകെ 436 ബാഗുകളും, 556 കുടകളും വാങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ കുടകളുടെയും ബാഗുകളുടെയും എണ്ണത്തിൽ വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2 മാർച്ച് മാസം 2017 അവസാനം ആണ് സാധനങ്ങൾ വാങ്ങിയത് എന്നതിനാൽ തന്നെ പദ്ധതി നിർവ്വഹണം നടത്തിയത് മൂലം അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. മാത്രമല്ല വിദ്യാഭാസ വർഷാവസാനം വാങ്ങിയതിനാൽ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായില്ല.

3കുടകളും ബാഗുകളും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/19/09/2017) ക്ക് മറുപടി നൽകിയിട്ടില്ല. 2,99,798/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രതിപാദിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ് 307/17 |
| പ്രോജക്ട് | തലപ്പുഴ എൻ.ആർ.എച്ച്.എം, തവിഞ്ഞാൽ ഗവ.ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| തുക പിൻവലിച്ചത് | |
| ബിൽ നം | 1/2016-17 തീയതി 31/1/17, തുക – 2,00,000/- രൂപ |

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ തലപ്പുഴ എൻ.ആർ.എച്ച്.എം, തവിഞ്ഞാൽ ഗവ.ഹോമിയോ ഡിസ്പെൻസറികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് തുക അതേ തീയതി തന്നെ കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13 തീയതി 19/9/17) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പുരോഗതി വിവരം അറിയിക്കേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കുടുംബശ്രീ യുവതികൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ട്രെയിനിംഗ് പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കി

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ടതും, കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തതുമായ ജെ.എൽ.ജി. കൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ട്രെയിനിംഗ് നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-381/17 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ യുവതികൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ട്രെയിനിംഗ് |
| അടങ്കൽ | 3,00,000/-രൂപ ( വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 1,92,125/-രൂപ |
| ബിൽ നം | 24/16-17/31.03.2017 |

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത് രൂപീകരിച്ചതും, അഞ്ച് അംഗങ്ങൾ വീതവുമുള്ള മൂന്ന് ജെ.എൽ.ജി.കൾക്ക്(ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) എൽ.ഇ.ഡി. ബൾബ് നിർമ്മിക്കുന്നതിനാണ് ട്രെയിനിംഗ് നൽകിയിട്ടുള്ളത്. 19.11.2016 മുതൽ 03.02.2017 വരെയുള്ള വിവിധ ദിവസങ്ങളിൽ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന സി-ഡിറ്റ് (C-Dit) എൽ.ഇ.ഡി ബൾബ് നിർമ്മിക്കുന്നതിന് പരിശീലനം നൽകി. മേൽ സ്ഥാപനം സമർപ്പിച്ച ഇൻവോയിസ് പ്രകാരം പരിശീലനത്തിന് 1,05,000/- രൂപയും സാധന സാമഗ്രികൾ വാങ്ങിയതിന് 80,265/- രൂപയുമാണ് ചെലവ് വന്നിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

- മൂന്ന് ഗ്രൂപ്പുകൾക്ക് പരിശീലനം നൽകിയെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ഫ്രണ്ട്സ്,സ്റ്റാർ എന്നീ രണ്ട് ഗ്രൂപ്പുകളുടെ രേഖകൾ മാത്രമാണ് ഫയലിൽ ഉള്ളത്. സ.ഉ(എം.എസ്)04/2016/ത.സ്വ.ഭ.വ തീയ്യതി 11.01.2016 പ്രകാരം ഗ്രൂപ്പുകൾ രൂപീകരിച്ച് കുറഞ്ഞത് ആറ് മാസം പ്രവർത്തിക്കണം. ഗുണഭോക്താക്കൾ ബി.പി.എൽകാരായിരിക്കണം. രേഖകൾ ലഭ്യമായതിൽ ഫ്രണ്ട്സ് എൽ.ഇ.ഡി ജെ.എൽ.ജി കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തത് 18.10.2016 ന് മാത്രമാണ്.
- ഗ്രൂപ്പ് അംഗങ്ങളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ ഇല്ല.
- കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശീലന സ്ഥാപനങ്ങൾ, കർഷിക സർവ്വകലാശാലകൾ പോലുള്ള സർക്കാർ സ്ഥാപനങ്ങൾ, K-STED പോലുള്ള സർക്കാർ പരിശീലന സ്ഥാപനങ്ങൾ എന്നിവയിലൂടെ മാത്രമേ പരിശീലനം നടത്തുന്നതിനുള്ള അനുമതിയുള്ളൂ. സി-ഡിറ്റ് എന്ന സ്ഥാപനത്തെ പരിശീലനം നൽകുന്നതിനായിട്ടുള്ള ഏജൻസിയായി തെരഞ്ഞെടുത്തതിന്റെ രേഖകൾ ഇല്ല.
- പരിശീലന ചെലവിന്റെ 10% തുക പരിശീലനാർത്ഥികൾ വഹിക്കണം. ഇത് ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. ഇത് ചെയ്തിട്ടില്ല.

- രൂപീകരിച്ച ജെ.എൽ.ജി.കളിൽ എത്ര അംഗങ്ങൾ ഉണ്ടെന്നുള്ള വിവരം ഇല്ല. ഏറ്റവും കുറഞ്ഞത് അഞ്ച് അംഗങ്ങൾ ആണ് ഉള്ളതെങ്കിൽ ഒരു വ്യക്തിക്ക് പരമാവധി 5,000/- രൂപയാണ് പരിശീലനത്തിന് നൽകാവുന്നത്. ഇപ്രകാരമാണെങ്കിൽ 15 അംഗങ്ങൾക്ക് 75,000/- രൂപ മാത്രമാണ് ചെലവഴിക്കാൻ അനുമതിയുള്ളത്.

- ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന് മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മിഷനിലൂടെ തുക ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം ഇല്ല.

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് രേഖകൾ സഹിതം മറുപടി നൽകണമെന്ന് ഓഡിറ്റ് എൻക്വയറി നം.2/16-17 /18.09.2017 പ്രകാരം ആവശ്യപ്പെട്ടു. ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണിത് സംഭവിച്ചിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിനാൽ ചെലവഴിച്ച തുക 1,92,125/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 മുൻകൂർ പിൻലവിച്ച തുക തിരിച്ചടച്ചിട്ടില്ല

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വയറിംഗ് നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ മുൻകൂർ നല്കിയ തുക തിരിച്ചടച്ചിട്ടില്ല. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-200/17 |
| പ്രോജക്ടിന്റെ പേര് | വീട് വയറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 3,00,000/- രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 40,000/- രൂപ |
| ബിൽ നം /തീയ്യതി | 16/31.03.2017 |

8 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം വയറിംഗ് ഗ്രാന്റായി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി 40,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് A/C No. 40478001013199) നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് പേർക്ക് തുക നൽകിയിട്ടില്ല. 15,000/-രൂപ തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-9 ടാർ വാങ്ങാൻ തുക പിൻവലിച്ചിട്ടും നാളിതുവരെയായും ടാർ വാങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 17 ടാറിംഗ് പ്രവർത്തികൾക്കായി ടാർ വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ 18,17,913/- രൂപ ചെക്ക് നമ്പർ SBJC 0970901/21.04.2017 പ്രകാരം സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 12,72,431/- രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കോപ്പറേഷനിൽ നിന്നും 244 ബാരൽ ടാർ വാങ്ങുന്നതിനും, 4,42,910/- രൂപ ഹിന്ദുസ്ഥാൻ കോളാസ് ലിമിറ്റഡിൽ നിന്നും 45ബാരൽ എമൽഷനും (ആർ.എസ്.1.19 ബാരലും, എസ്.എസ്.1.26ബാരലും) വാങ്ങുന്നതിനായി ചെക്കു മുഖേന നൽകിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ പെട്രോളിയം കോപ്പറേഷൻ, ഹിന്ദുസ്ഥാൻ കോളാസ് എന്നീ സ്ഥാപനങ്ങൾ ചെക്ക് സ്വീകരിക്കാത്തതിനാൽ ചെക്ക് മടക്കിഅയച്ചിട്ടുണ്ട്, ഓഡിറ്റ് തീയതി വരെ ടാർ വാങ്ങുന്നതിനുള്ള യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ മേൽ ചെക്ക് പ്രകാരം നൽകിയ തുകയിൽ 1,02,575/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ടാർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടാർ വാങ്ങാൻ പിൻവലിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരികെ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം കെ.എസ്.ഇ.ബി ക്ക് നൽകൽ.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 409 /17 | |
| പേര് | സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം കെ.എസ്.ഇ.ബിയ്ക്ക് നൽകൽ. | |
| ബിൽ നമ്പർ ,തീയതി, തുക | 36 / 17 / 31.03.2017<br>10,00000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം) | 37/17/31.03.2017 - 22,5000/- രൂപ<br>(വികസന ഫണ്ട് ടിഎസ് പി) |
| ആകെ | 12,25,000/- രൂപ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 12,25,000/- രൂപ പിൻവലിക്കുകയും 12,20,000/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം 25.05.2017 പൂർത്തിയാക്കി സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയിൽ 5,000/- രൂപ കുറച്ച് കെ.എസ്.ഇ. ബി. യിൽ 12,20,000/- രൂപയാണ് അടവാക്കിയത്. കുറവ് വന്ന 5,000/- രൂപ തിരികെ അടവാക്കേണ്ടതാണ്.

## 3-11 അതിർത്തിമുക്കിൽ ജംഗഷൻ പുല്ലാര റോഡ് കോൺക്രീറ്റ് -ടെണ്ടർ കുറവ് ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 227/17 |
| പേര് | അതിർത്തിമുക്കിൽ ജംഗ്ഷൻ പുല്ലാര റോഡ് കോൺക്രീറ്റ്. |
| എസ്റ്റിമേറ്റ് തുക | 1,50,000/- രൂപ |
| ചെലവ് | 1,50,000/- രൂപ |
| ബിൽ നമ്പർ തീയതി | 39/ 17 28.03.2017 |
| കരാറുകാരൻ | ശ്രീ. കുരിയാച്ചൻ. കെ.കെ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അതിർത്തിമുക്കിൽ ജംഗ്ഷൻ പുല്ലാര റോഡ് കോൺക്രീറ്റ് പ്രവർത്തിക്കുള്ള ടെണ്ടർ ക്ഷണിച്ചതിൽ പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റിലും ഒരു ശതമാനം കുറവിൽ കരാറുകാരനായ ശ്രീ. കുരിയാച്ചൻ. കെ.കെ. ടെണ്ടർ എടുത്ത് പ്രവൃത്തിപൂർത്തീകരിച്ചിട്ടുണ്ട്. ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് (എസ്റ്റിമേറ്റിലുംഒരു ശതമാനം കുറവ്) ബില്ലിൽ കുറവ് വരുത്തിയിട്ടില്ല. ടെണ്ടർ കുറവായ 1,500/ രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയ കോൺട്രാക്ടർമാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല - 488554/-രൂപ നഷ്ടം.

ഓഡിറ്റ് വർഷം റോഡ് സോളിംഗ്, റോഡ് കോൺക്രീറ്റ് എന്നിങ്ങനെയുള്ള ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കോൺട്രാക്ടർമാരിൽ നിന്നും നിയമാനുസൃതമായ വാറ്റ് ഈടാക്കിയിട്ടില്ല. ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ്

ചെയ്യാതെ മുഴുവൻ തുകയും കോൺട്രാക്ടർമാർക്ക് അനുവദിച്ചു. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് | പ്രവൃത്തിയുടെ പേര് | വാർഡ് നം. | സാധനങ്ങൾ വിതരണം ചെയ്തതിന് നൽകിയ തുക | വാറ്റ് ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | ജാഫർ സാദിഖ് | ആക്കൊല്ലി-ചുരുളി റോഡ് സോളിംഗ് | 20 | മെറ്റൽ- 163990 (@14.5%) | 23779 |
| | | എടത്തന വരയാൽ റോഡ് സോളിംഗ് | 18 | മെറ്റൽ-163154 (@14.5%) | 23657 |
| | | പള്ളിക്കൽ റോഡ് കോൺക്രീറ്റ് | 4 | മെറ്റൽ- 68749(@14.5%)=9969<br>മണൽ- 37514(@5%) =1876<br>സിമന്റ്-94697(@14.5%)=13731 | 25576 |
| | | | | ആകെ | 73012 |
| 2 | ജോസഫ്.കെ.പി | പുഴയ്ക്കൽക്കുന്ന് റോഡ് സോളിംഗ് | 13 | മെറ്റൽ-163990 (@14.5%) | 23779 |
| | | പേര്യ-വട്ടോളി റോഡ് സോളിംഗ് | 2 | മെറ്റൽ -164154 (@14.5%) | 23802 |
| | | അകമന കോളനി റോഡ് സോളിംഗ് | 12 | മെറ്റൽ-161531(@14.5%) | 23422 |
| | | | | ആകെ | 71003 |
| 3 | ഡോളി ജോസഫ് | കൊളങ്ങോട്ട്-കഴക്കോട്ടൂർ റോഡ് സോളിംഗ് | 15 | മെറ്റൽ -163981(@14.5%) | 23777 |
| | | ചുള്ളി തിയ്യേരിക്കൊല്ലി-മാമ്പെ റോഡ് സോളിംഗ് | 16 | മെറ്റൽ -163154(@14.5%) | 23657 |
| | | | | ആകെ | 47435 |
| 4 | ജോസ്.കെ.ജെ | പുത്തൂർ നാഗത്താൻകുന്ന് റോഡ് സോളിംഗ് | 17 | മെറ്റൽ- 163381 (@14.5%) | 23690 |
| 5 | ഉസ്മാൻ | പനന്തറ അത്തിക്കൊല്ലി റോഡ് സോളിംഗ് | 22 | മെറ്റൽ-159074 (@14.5%) | 23066 |
| | | വലിയ കുന്ന് ചെറുപുഷ്പ ഗിരി റോഡ് സോളിംഗ് | 21 | മെറ്റൽ-62123 (@14.5%) | 9008 |

| | | | | | |
|---|---|---|---|---|---|
| | | ആശാരിക്കുന്ന് റോഡ് സോളിംഗ് | 3 | മെറ്റൽ-163154 (@14.5%) | 23657 |
| | | പേര്യ 35-കായൽമക്കി റോഡ് സോളിംഗ് | 1 | മെറ്റൽ-163154 (@14.5%) | 23657 |
| | | | | ആകെ | 79388 |
| 6 | ജോൺസൺ | അയ്യാനാറ്റ കോളനി നടപ്പാത കോൺക്രീറ്റ് | 9 | മെറ്റൽ- 69299(@14.5%)=10048<br>മണൽ - 37814(@5%) = 1891<br>സിമന്റ്-95453(@14.5%)=13841 | 25780 |
| | | ചാമുണ്ണിച്ചേരി പറമ്പിൽ നടപ്പാത കോൺക്രീറ്റ് | 10 | മെറ്റൽ-69299(@14.5%)=10048<br>മണൽ - 37814(@5%) = 1891<br>സിമന്റ്-95454(@14.5%)=13841 | 25780 |
| | | ഗോദാവരി കോളനി സോളിംഗ് | 8 | മെറ്റൽ -168530 (@14.5%) | 24437 |
| | | | | ആകെ | 75997 |
| 7 | ഷാജി.പി.ടി | കമ്പമല റോഡ് സോളിംഗ് | 6 | മെറ്റൽ-163154 (@14.5%) | 23657 |
| | | വെളിയത്ത് മംഗൽപാടി റോഡ് സോളിംഗ് | 7 | മെറ്റൽ-163154 (@14.5%) | 23657 |
| | | കിഴങ്ങാനം ചെടിയമ്മൽ റോഡ് സോളിംഗ് | 11 | മെറ്റൽ- 160643 (@14.5%) | 23293 |
| | | | | ആകെ | 70607 |
| 8 | കുര്യാച്ചൻ | ഊലിമ്പറമ്പിൽ പുല്ലാര റോഡ് സോളിംഗ് | 14 | മെറ്റൽ-163990 (@14.5%) | 23766 |
| 9 | റെജി മാത്യു | ഐ.സി.കടവ്-വാളമടക്ക് റോഡ് സോളിംഗ് | 19 | മെറ്റൽ-163154 (@14.5%) | 23657 |
| | | ആകെ | | | 488554 |

കോൺട്രാക്ടർമാരിൽ നിന്നും 4% വാറ്റ് ഈടാക്കുന്നതിന് (കോളം- 7) കത്ത് നൽകിയിട്ടുണ്ട്. മരാമത്ത് ചട്ടങ്ങളിൽ വർക്ക് കോൺട്രാക്ട് പ്രകാരം കോമ്പൗണ്ട് ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും 4% വാറ്റ് ഈടാക്കിയാൽ മതി. ഇതു പ്രകാരമുള്ള തുകയാണ് ഈടാക്കാൻ നടപടി സ്വീകരിച്ചത്. എന്നാൽ ഇവിടെ കോൺട്രാക്ടർമാർ സാധനങ്ങൾ വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ വിതരണം ചെയ്ത സാധനങ്ങൾക്ക് മുകളിൽ പറഞ്ഞിട്ടുള്ള നിലവിലുള്ള വാറ്റ് നിരക്കുകളിൽ ഈടാക്കേണ്ടതാണ്. 4,88,554/- രൂപ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 4,88,554/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 മുഴുവൻ വാർഡുകളിലും ടെണ്ടർ ഫോറം വിതരണം ചെയ്തതിന്റെ വില ഈടാക്കിയിട്ടില്ല

22 വാർഡുകളിൽ വിവിധ ആസ്തി പ്രവൃത്തികൾ (റോഡ് കോൺക്രീറ്റ്,റോഡ് സോളിംഗ്) നടപ്പാക്കുന്നതിന് മെറ്റൽ, സിമന്റ്, മണൽ എന്നിവ ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. 07.01.2017 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ആരും പങ്കെടുക്കാത്തതിനാൽ റീ-ടെണ്ടർ നടത്തി 30.01.2017 ലെ ഭരണസമിതി തീരുമാന പ്രകാരം ലഭിച്ച ക്വട്ടേഷനുകൾ അംഗീകരിച്ച് നൽകി. ടെണ്ടർ ക്ഷണിച്ചത് ഓരോ വാർഡിലേക്കും ആവശ്യമായ സാധനങ്ങൾ ഇറക്കുന്നതിനാണ്. ലഭിച്ച ക്വട്ടേഷൻ പ്രകാരം കോൺട്രാക്ടർമാർ വിവിധ വാർഡുകളിലേക്ക് സാധനങ്ങൾ ഇറക്കി നൽകുന്നതിനാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ പത്ത് കോൺട്രാക്ടർമാർ വിവിധ വാർഡുകളിലേക്കും സാധനങ്ങൾ ഇറക്കുന്നതിന് നിരക്ക് രേഖപ്പെടുത്തി. ഇപ്രകാരം ആകെ 10 ടെണ്ടർഫോറങ്ങൾ മാത്രമാണ് വിതരണം ചെയ്തത്. ഓരോ വാർഡുകളിലേക്കും എസ്റ്റിമേറ്റ് പ്രകാരം ഒരു ടെണ്ടർ ഫോറത്തിന് 1050/- രൂപയാണ് ഈടാക്കിയത്. 22 വാർഡുകളിലേക്കും ടെണ്ടർ ഫോറം വിതരണം ചെയ്യേണ്ടതായിരുന്നു. എന്നാൽ ആകെ 10 ഫോറങ്ങൾ മാത്രം വിതരണം ചെയ്യുകയും ഇതിന്റെ വില മാത്രം ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഒരു ടെണ്ടർ ഫോറത്തിന്റെ വില | 1050 രൂപ |
| വിതരണം ചെയ്ത ടെണ്ടർ ഫോറങ്ങളുടെ വില (10 എണ്ണം x1050) | 10500 രൂപ |
| വിതരണം ചെയ്യേണ്ടിയിരുന്ന ടെണ്ടർ ഫോറം വില (22 എണ്ണം x 1050) | 23100 രൂപ |
| വ്യത്യാസം ( 12 എണ്ണം x 1050) | 12600 രൂപ |

ഈ ഇനത്തിൽ 12,600/- രൂപ പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകാൻ ഇട വന്നിട്ടുണ്ട്. ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറി.നം.5/16-17/18.09.2017 ക്ക് നൽകിയ മറുപടിയിൽ 1 ലക്ഷം മുതൽ പത്ത് ലക്ഷം വരെയുള്ള ടെണ്ടറുകൾക്ക് 1000 രൂപ + വാറ്റ് എന്നിങ്ങനെ ഫോറം വില ഈടാക്കിയിട്ടുണ്ടെന്നും, കോൺട്രാക്ടർമാർ ഒന്നിലധികം വാർഡുകളിലേക്കുള്ള സാധന സാമഗ്രികൾ ഒറ്റ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചപ്പോൾ ഉണ്ടായ അപാകതയാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 3-14 റോഡിന് നീർച്ചാൽ നിർമ്മാണം - കിളച്ചെടുത്ത മണ്ണ് എവിടെ നിക്ഷേപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരവും, യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികളിലും റോഡിന് നീർച്ചാൽ നിർമ്മിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ ചെയ്ത റോഡിന് മുഴുവനായും 30 സെ.മീ നീളത്തിലും 40 സെ.മീ ആഴത്തിലും നീർച്ചാൽ നിർമ്മിച്ചതായാണ് എം.ബുക്കിൽ രേഖപ്പെടുത്തിയത്. എന്നാൽ കിളച്ചെടുത്ത മണ്ണ് എന്ത് ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ നീർച്ചാൽ നിർമ്മിച്ചപ്പോൾ ലഭ്യമായ മണ്ണ് നിലവിലുള്ള റോഡ് ലെവൽ ചെയ്യുന്നതിന്റെ ഭാഗമായി റോഡിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അതിന് മുകളിൽ മെറ്റൽ നിരത്തുകയും റോഡ് റോളർ ഉപയോഗിച്ച് റോഡ് ലെവൽ ചെയ്യുകയുമാണ് ചെയ്തിട്ടുള്ളതെന്ന്

അറിയിച്ചിട്ടുണ്ട്. തുർന്നുള്ള പ്രവൃത്തികളിൽ മേൽ പ്രവൃത്തി വിവരം എം.ബുക്കിൽ ചേർക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 133462 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 133462 |
| ബ്ലോക്ക് പഞ്ചായത്ത് | 486261 | --ടി-- | 0 | 486261 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | RTGS | 1220000 | 1220000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 428/10/lsgd 25.02.2010 | 21595850 | 4754150 | 1200000 | 0 | 3554150 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1997-98 | 1 27,12,81,29,130 | 2002-2003 | 1 27,12,81, 29,130 | കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യതിലെ അപാകത | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട് |
| 1997-98 | 142 | 2002-03 | 142 | വനിതകൾക്ക് തേയിലപ്പൊടി പാക്കിംഗ് & വിൽപ്പന | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98439004 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92851319 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10145 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2506006 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(A) | 248 | | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 2-4(B)(1) | 3526 | | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 2-4(B)(2) | 5879 | | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 2-4(C) | 492 | | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 3-11 | | 1500 | ശ്രീ. ഷിനോജ്.റ്റി.വി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 111876 | ഡോ.അനീഷ് പരമേശ്വരൻ മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-3 | 200000 | ശ്രീ.രമേശൻ എഴോക്കാരൻ,ഹെഡ് മാസ്റ്റർ |
| 3-4 | 998440 | ശ്രീ.രമേശൻ എഴോക്കാരൻ,ഹെഡ് മാസ്റ്റർ |
| 3-5 | 299798 | ശ്രീ.രമേശൻ എഴോക്കാരൻ,ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 3-6 | 200000 | ഡോ.പ്രസന്ന കുമാരി, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-7 | 192125 | ശ്രീമതി.ഫ്ലോറി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-10 | 15000 | ശ്രീ.ആന്റണി റോഷൻ, അസി.സെക്രട്ടറി |
| 3-12 | 488767 | ശ്രീ.വി.ഹംസ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ജോയ് ജോൺ | സെക്രട്ടറി<br>പൂതാടി ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയിട്ടില്ല |
| 2 | ശ്രീ.ഷിനോജ്.റ്റി.വി | അസി.എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി | തുടിയംപറമ്പിൽ<br>പയ്യമ്പള്ളി പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്. ഡബ്ല്യൂ.പി4-407/04 തിയ്യതി 14.10.2004 |
| 2001-02 | എൽ .എഫ്. ഡബ്ല്യൂ. പി4-487/03 തിയ്യതി 14.10.2014 |
| 2001-02 | എൽ .എഫ്. ഡബ്ല്യൂ. പി.3-799/07 തിയ്യതി 27.3.2008 |
| 2002-03 | എൽ.എഫ്. ഡബ്ല്യൂ.പി3-22/07 തിയ്യതി 13.3.2008 |
| 2003-04 | എൽ .എഫ്. ഡബ്ല്യൂ. പി3-689/07 തിയ്യതി 08.023.2010 |

| | |
|---|---|
| 2004-05 | എൽ .എഫ്.ഡബ്ല്യൂ. പി3-619/08 തിയ്യതി 08.11.2009 |
| 2005-06 | എൽ എഫ്. ഡബ്ല്യൂ. പി3-279/10 തിയ്യതി 07.05.2010 |
| 2006-07 | എൽ .എഫ്. ഡബ്ല്യൂ. പി3-621/10 തിയ്യതി 16.12.2011 |
| 2007-08 | എൽ .എഫ്. ഡബ്ല്യൂ. പി3-625/10 (1) തിയ്യതി 24.7.2005 |
| 2088-09 | എൽ .എഫ്. ഡബ്ല്യൂ. പി3- 1096/11 തിയ്യതി .01.2013 |
| 2009-10, | എൽ .എഫ്. ഡബ്ല്യൂ. പി3-451/12 തിയ്യതി 10.02.2012 |
| 2010-11 | എൽ .എഫ്. ഡബ്ല്യൂ. പി3-450/12 തിയ്യതി 01.01.2013 |
| 2011-12 | എൽ .എഫ്. ഡബ്ല്യൂ. പി2-899/14 തിയ്യതി 18.05.2015 |
| 2012-13 | എൽ .എഫ്. ഡബ്ല്യൂ. പി2-149/15 തിയ്യതി 07.07.2015 |
| 2013-14,14-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-132 /16 തീയതി 09.03.2016 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2/10 /2017 തീയതി 06.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ. (ഡബ്ല്യൂ.വൈ.ഡി.)പി2 /593/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ
തീയതി:07.10.2017
ഫോൺ: 04936-203672
ഇ-മെയിൽ dowyd.ksad@kerala.gov.in

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

AUDIT CERTIFICATE

No. KSA.(WYD)/P2/593/2017

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.7.10.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Thavinhal Grama Panchayath in Wayanad District for the year 2016-17in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Thavinhal Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director
Kerala Stat Audit Department
District office, Wayanad.